# ന്യൂലൈഫ്
## ബൈബിൾ പഠന കോഴ്സ്

പേര്: ..........................................................

# ദൈവം

## യൂണിറ്റ് B

### പഠനം 1. ദൈവത്തിന്റെ വിശുദ്ധി

**താക്കോൽവാക്യം: യെശയ്യാവ് 6:3**

**" ..... സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വ ഭൂമിയും അവന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്നു...."**

സ്രഷ്ടാവ് എന്ന നിലയിൽ ദൈവത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ തന്നേ നമ്മുടെ മനസ്സിലേയ്ക്ക് ഓടിവരുന്ന ചിന്ത അവിടുത്തെ ശക്തിയെക്കുറിച്ചും ജ്ഞാനത്തെക്കുറിച്ചുമായിരിക്കും. എന്നിരുന്നാലും, ദൈവത്തിന് വിശുദ്ധി,നീതി തുടങ്ങി മറ്റു പല സ്വഭാവഗുണങ്ങളുമുണ്ട് എന്ന കാര്യം നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്.

**വിശുദ്ധിയുടെ നിർവ്വചനം**

"ദൈവത്തിന്റെ വിശുദ്ധി" എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത്? അടിസ്ഥാനപരമായി പറഞ്ഞാൽ, ദൈവം മഹാ പരിശുദ്ധനാണ്. അവിടുന്ന് ഏതു തരത്തിലുമുള്ള പാപത്തിൽ നിന്നും പൂർണ്ണമായി വേർപെട്ടു നിൽക്കുന്നവനാണ്. അവിടുത്തെ നിലപാടിലും സ്വഭാവത്തിലും അവിടുന്ന് സകല ദോഷങ്ങളിൽ നിന്നും വേർപെട്ടു നിൽക്കുന്നു. മനുഷ്യർ എന്ന നിലയിൽ നാം മലിനമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യാറുണ്ട്, എന്നാൽ ദൈവത്തിന് അങ്ങനെ ചെയ്യുവാൻ കഴിയുന്നതല്ല, കാരണം അവൻ പരിശുദ്ധനാണ് *(പുറപ്പാട് 15:11 കാണുക).*

| മനുഷ്യൻ | ദൈവം |
|---|---|
| (പാപ സ്വഭാവമുള്ളവൻ) | (പരിശുദ്ധൻ) |

**ദൈവത്തിന്റെ വിശുദ്ധി വെളിപ്പെട്ട ഒരു സന്ദർഭം**

യെശയ്യാപ്രവാചകൻ തന്റെ ശുശ്രൂഷയുടെ ആരംഭകാലത്ത് ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചു ദർശിച്ച ദർശനത്തെ സംബന്ധിച്ചുള്ള വിവരണമാണ് മുകളിൽ വായനാഭാഗത്ത് കൊടുത്തിട്ടുള്ളത്. ആ ദർശനത്തിൽ കണ്ടതായ ദൈവത്തിന്റെ വിശുദ്ധിയായിരുന്നു യുവാവായ യെശയ്യാവിന്റെ മനസ്സിൽ പതിഞ്ഞത്. ആ സംഭവത്തിനു കുറച്ചു നാളുകൾക്കു മുമ്പ് ഉസ്സിയാരാജാവ് കുഷ്ഠരോഗം ബാധിച്ച് ദുരിതം അനുഭവിക്കുന്നതും മരിക്കുന്നതും അവൻ സ്വന്ത കണ്ണുകൾ കൊണ്ട് കണ്ടിരുന്നു *(2 ദിനവൃത്താന്തം 26:16 – 23).* അശുദ്ധി നിറഞ്ഞിരുന്നതും അറപ്പുളവാക്കുന്നതുമായിരുന്ന ആ രോഗാവസ്ഥയുടെ ദൃശ്യത്തിനു നേരേ വിപരീതമായ നിലയിൽ, ദൈവം തന്റെ പ്രവാചകന് താൻ എത്രയോ നിർമ്മലനും പരിശുദ്ധനുമാണെന്നു കാണിച്ചു കൊടുക്കുകയായിരുന്നു. ഈ ദർശനത്തിന്റെ ഫലമായി യെശയ്യാവിന്റെ ആത്മാവിനെ ബാധിച്ചിരുന്ന "ആത്മീയകുഷ്ഠം" എത്രയോ വലിയതാണെന്നുള്ള ഒരു ചിന്ത അവന്റെ മനസ്സിൽ ശക്തമായി രൂപപ്പെടുവാനിടയായി. ദൈവമഹത്വം ദർശിച്ച പ്രവാചകന്റെ ഹൃദയത്തിൽ ഉളവായ പാപബോധം അത്രയും വലിയതായിരുന്നു. ദൈവം എത്രയോ വിശുദ്ധനാണെന്നു യഥാർത്ഥമായി മനസ്സിലാക്കുകയാണെങ്കിൽ ഇന്നു നമുക്ക് ഉണ്ടാകുന്ന അനുഭവവും ഇതു തന്നേ. അങ്ങനെയായാൽ ദൈവവിശുദ്ധിയുടെ മുമ്പിൽ നാം എത്രയോ മലിനപ്പെട്ടവരും അശുദ്ധരുമാണെന്ന ബോധ്യം നമുക്കും ഉണ്ടാകും!

**ദൈവത്തിന്റെ വിശുദ്ധി പ്രതിഫലിപ്പിക്കപ്പെടുന്നു**

പഴയനിയമകാലഘട്ടത്തിൽ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരായ സ്വന്തജനം യിസ്രായേൽമക്കൾ ആയിരുന്നു. അവർക്ക് ദൈവം തന്റെ ന്യായപ്രമാണനിയമങ്ങൾ നൽകി. അവർ തങ്ങളുടെ എല്ലാ ജീവിത മേഖലകളിലും തന്റെ വിശുദ്ധി പ്രതിഫലിപ്പിക്കുന്നവരായിരിക്കേണം എന്നതായിരുന്നു ദൈവത്തിന് അവരെക്കുറിച്ചുണ്ടായിരുന്ന ആഗ്രഹം. അവൻ അവരോട് ഇങ്ങനെ അരുളിച്ചെയ്തു:

**വായിക്കുക: യെശയ്യാവ് 6:18**

*"ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ"(ലേവ്യർ 11:44).* അവൻ അവരെ *"തന്റെ സ്വന്തജനമായിരിക്കേണ്ടതിനു തിരഞ്ഞെടുത്തിരിക്കയാൽ" (ആവർത്തനം 7:6)* അവർ മറ്റു ജനസമൂഹങ്ങളിൽ നിന്നെല്ലാം വേർപെട്ട് വ്യത്യസ്ത സ്വഭാവമുള്ളവരായിരിക്കണമെന്നായിരുന്നു ദൈവം അവരെക്കുറിച്ച് ആഗ്രഹിച്ചിരുന്നത്. ഒരു കണ്ണാടിയുടെ മുമ്പിൽ ഏതൊരു വസ്തു വെച്ചാലും അതിനെ അതു പ്രതിബിംബിപ്പിക്കുന്നതുപോലെ തന്നേ, യിസ്രായേൽജനം അവരുടെ ചുറ്റുപാടുമുള്ള ജാതികൾക്ക് ദൈവത്തിന്റെ വിശുദ്ധി പ്രതിബിംബിപ്പിച്ചു കാണിക്കുന്നവരായി നില കൊള്ളേണമായിരുന്നു.

എന്നാൽ ഇപ്രകാരം മറ്റുള്ളവരിൽ നിന്നു വ്യത്യസ്തരായിരിക്കുക എന്നത് ഒരിക്കലും അത്ര എളുപ്പമുള്ള കാര്യമല്ല. ദൈവത്തിന്റെ വിശുദ്ധിയെ പ്രതിബിംബിപ്പിക്കുക എന്ന ദൈവദത്തമായ സ്വഭാവഗുണത്തെ ചുറ്റുപാടുമുള്ള ജാതികളുടെ മുമ്പിൽ വെളിപ്പെടുത്തുന്ന കാര്യത്തിൽ യിസ്രായേൽജനം ദയനീയമായി പരാജയപ്പെട്ടുപോയി. പുറജാതികളിൽ നിന്നും ***"വ്യത്യസ്തരായി"*** നിലകൊള്ളുന്നതിനു പകരം അവർ ***"ജാതികളെപ്പോലെ"*** ജീവിക്കുകയും സകലവിധ വിഗ്രഹാരാധനയിലേയ്ക്കും അസാന്മാർഗ്ഗികതയിലേയ്ക്കും വഴുതിവീഴുകയും ചെയ്തു. യെശയ്യാ പ്രവാചകന്റെ കാലമായപ്പോഴേയ്ക്കും ദൈവ ജനത്തിന്റെ പാപം അതികഠിനമായിത്തീർന്നു. അതിനാൽ പ്രവാചകൻ നിലവിളിക്കുന്നതു ശ്രദ്ധിക്കുക: ***"ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു" (വാക്യം 5).*** ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേൽ മുഴുവൻ പാപമാകുന്ന ***"ആത്മീയകുഷ്ഠത്താൽ"*** മലിനരായിത്തീർന്നിരിക്കുന്നു എന്നായിരുന്നു അവൻ അർത്ഥമാക്കിയത്.

**ദൈവത്തിന്റെ വിശുദ്ധി വെളിവാക്കപ്പെടുന്നു**

വ്യക്തികളും ജനസമൂഹങ്ങളും ദൈവത്തിന്റെ ഇഷ്ടത്തിനു വിരുദ്ധമായി നിലക്കൊള്ളുമ്പോൾ, അതിന്റെ ഫലമായി അവർക്ക് ശിക്ഷാവിധി നേരിടേണ്ടതായി വരുന്നു. ഇത് ദൈവം തന്റെ വിശുദ്ധി കാത്തുസൂക്ഷിക്കുന്നതു സംബന്ധിച്ച അവന്റെ ഒരു ഗുണവിശേഷണമാണ്. എന്നാൽ അതു അത്ര കാര്യമാക്കാതെ അവഗണിച്ചുകളയുന്നതിനുള്ള ഒരു പ്രവണതയാണ് പൊതുവേ നമുക്കെല്ലാമുള്ളത്. ദൈവം വിശുദ്ധനാകയാൽ അവന്റെ പ്രമാണങ്ങളെ ലംഘിച്ചുകളയുന്നവരുടെ നേരെ കണ്ണടച്ചുകളയുവാൻ ദൈവത്തിനു കഴിയുന്നതല്ല. അവന്റെ നീതിയനുസരിച്ച് അവൻ പാപത്തിനു തക്കതായ ശിക്ഷ കൊടുത്തേ മതിയാകൂ. അക്കാരണത്താലാണ് യിസ്രായേൽ ജനം പല പ്രാവശ്യം ദൈവത്തിന്റെ ശിക്ഷാവിധിയിലൂടെ കടന്നുപോകുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ നമുക്ക് പഴയനിയമഭാഗങ്ങളിൽ കാണുവാൻ സാധിക്കുന്നത്. ദൈവത്തിന്റെ വിശുദ്ധി വെളിപ്പെടുത്തുന്ന അവിടുത്തെ ഒരു നടപടിയാണ് ജനത്തിനു നേരെ ഉജ്ജ്വലിക്കുന്ന ***"യഹോവയുടെ കോപം" (2 ദിനവൃത്താന്തം 36:16).***

**വിശുദ്ധജീവിതം പ്രായോഗികജീവിതത്തിൽ**

ഇക്കാലത്ത്, കർത്താവിൽ വസിക്കുന്ന ഓരോ വിശ്വാസിയെ സംബന്ധിച്ചും ദൈവം ആഗ്രഹിക്കുന്ന കാര്യം അവർ വിശുദ്ധജീവിതം നയിക്കുന്നവരായിരിക്കണം എന്നുള്ളതാണ്. ഒരു യഥാർത്ഥ ക്രിസ്ത്യാനിയായിരിക്കണമെങ്കിൽ നാം ഓരോരുത്തരും ദൈവത്തിനു പ്രസാദകരമല്ല എന്നു നമുക്കു ബോദ്ധ്യമുള്ള സകല കാര്യങ്ങളിൽ നിന്നും പിന്തിരിഞ്ഞ് അവനോടു പൂർണ്ണമനസ്സോടെ സമർപ്പണമുള്ളവരായി ജീവിക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ ജീവിതവിജയത്തിലേയ്ക്കുള്ള ഏറ്റവും ഉത്തമവും അഭികാമ്യവുമായ പെരുവഴി ഇതു തന്നേ. ***"നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ"(റോമർ 12:1).***

**1** A. 'ദൈവത്തിന്റെ വിശുദ്ധി' എന്നതു കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദമാക്കുക. | 6

..........

..........

B. യെശയ്യാവ് ദൈവത്തിന്റെ മഹത്വം ദർശിച്ചു കഴിഞ്ഞപ്പോൾ അവനിൽ അത് ഉളവാക്കിയ പ്രതിഫലനം എന്തായിരുന്നു?

..........

..........

C. ഇക്കാലത്ത് ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചു നന്നായി മനസ്സിലാക്കിയിട്ടുള്ള ഒരു വ്യക്തിയെ ആ ബോധ്യം സ്വാധീനിക്കുന്നത് ഏതു രീതിയിലായിരിക്കും?

..........

..........

**2** യെശയ്യാവു കണ്ട ദർശനത്തിൽ ഒരു സാറാഫ് യാഗപീഠത്തിൽ നിന്ന് ഒരു തീക്കനൽ എടുത്ത് അവന്റെ അധരത്തിൽ തൊടുവിക്കുന്നതായി കണ്ടു. ഒരു യാഗം അർപ്പിച്ചാൽ മാത്രമേ പാപത്തിൽ നിന്ന് ശുദ്ധി പ്രാപിക്കുവാൻ കഴിയൂ എന്ന പാഠം യെശയ്യാവിനെ പഠിപ്പിക്കുന്നതിനുള്ള ഒരു അടയാളമായിരുന്നു അത്. *എബ്രായർ 9:26 – 28, 1പത്രൊസ് 2:24* എന്നീ വേദഭാഗങ്ങൾ വായിക്കുക. യേശു ക്രിസ്തുവിന്റെ ശരീരയാഗം നമുക്ക് എങ്ങനെയാണ് വിലയേറിയതായിരിക്കുന്നത്? | 3

..........

..........

**3** സാറാഫ് തീക്കനൽ യെശയ്യാവിന്റെ വായ്ക്കു തൊടുവിച്ചപ്പോൾ പറഞ്ഞ വാക്കുകൾ എന്താണെന്നു എഴുതുക. | 2

..........

..........

**4** യിസ്രായേൽ ജനം ഏതു രീതിയിലാണ് ദൈവത്തിന് ഒരു "പ്രത്യേകജനം" ആയിരുന്നത്? *(ആവർത്തനം 7:6–8 കാണുക)* | 2

..........

..........

**5** A. വിശുദ്ധനായ ദൈവത്തിന് നമ്മുടെ പാപത്തോടുള്ള പ്രതികരണം എന്താണ്? | 4

..........

..........

B. പാപത്തോടുള്ള ദൈവത്തിന്റെ പ്രതികരണം വ്യക്തമായി വെളിപ്പെടുത്തുന്ന ഒരു സംഭവം ബൈബിൾ ചരിത്രത്തിൽ നിന്നു എടുത്തുകാണിക്കുക

..........

..........

**6** "നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ." ഈ പ്രസ്താവനയിൽ ഉള്ളടങ്ങിയിരിക്കുന്ന സത്യം എന്താണെന്നു എഴുതുക | 3

..........

..........

..........

**7** താഴെപ്പറയുന്ന പ്രസ്താവനകൾക്കു നേരെ ശരിയോ തെറ്റോ എന്ന് എഴുതുക | 5

1. യെശയ്യാവിന് പാപത്തിൽ നിന്നു ശുദ്ധി പ്രാപിക്കേണ്ട ആവശ്യമില്ലായിരുന്നു. ............
2. ഉസ്സീയാരാജാവ് വാതരോഗം ബാധിച്ചാണു മരിച്ചത്. ............
3. പഴയനിയമകാലത്ത് യിസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നു. ............
4. വിശുദ്ധനായ ദൈവം പാപത്തിനു ശിക്ഷ നൽകിയേ മതിയാകൂ ............
5. കർത്താവായ യേശുക്രിസ്തുവിന്റെ അനുഗാമികൾ പാപപ്രവൃത്തികൾ ചെയ്യുന്നവരായിരിക്കരുത് ............

25
ആകെ മാർക്ക്

# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ദൈവം

**യൂണിറ്റ് B**

## പഠനം 2. ദൈവത്തിന്റെ നീതി

പേര്: ..........................................................

**താക്കോൽവാക്യം: സങ്കീർത്തനം 11:7**

**"യഹോവ നീതിമാൻ; അവൻ നീതിയെ ഇഷ്ടപ്പെടുന്നു"**

### നീതിമാനായ ദൈവം

പരിശുദ്ധനായ ദൈവം നിർമ്മലനും പാപരഹിതനുമാകയാൽ നിശ്ചയമായും നീതിമാനുമായിരിക്കുന്നു. അവൻ മനുഷ്യനുമായുള്ള തന്റെ സകല കാര്യങ്ങളിലും പൂർണ്ണമായ നിലയിൽ സത്യത്തോടെ ഇടപെടുന്നു. സീനായിമലയിൽ വെച്ച് മോശെ യിസ്രായേൽജനത്തിനു വേണ്ടി ന്യായപ്രമാണകല്പനകൾ പ്രാപിച്ച സന്ദർഭം ശ്രദ്ധിച്ചാൽ ***(പുറപ്പാട് 20),*** തന്റെ ജനത്തിന്റെ സ്വഭാവശുദ്ധിയിൽ അവിടുന്ന് എത്രയോ വലിയ കരുതലുള്ളവനാണെന്നു മനസ്സിലാകും. തന്റെ ജനത്തിൽ എല്ലാ നിലയിലുമുള്ളവർക്കും നീതിയും ന്യായവും ലഭിച്ചിരിക്കണമെന്നുള്ളതായിരുന്നു അവിടുത്തെ ആഗ്രഹം. ***"അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം; അവന്റെ വഴികൾ ഒക്കെയും ന്യായം; അവൻ വിശ്വസ്തതയുള്ള ദൈവം; വ്യാജമില്ലാത്തവൻ; നീതിയും നേരുമുള്ളവൻ തന്നേ"(ആവർത്തനം 32:4).*** ദൈവം തന്റെ ജനത്തിനു നൽകിയ പത്തു കൽപ്പനകളിൽ, എന്താണ് ശരി എന്നും എന്താണ് തെറ്റ് എന്നും വ്യക്തമാക്കിയിരുന്നു. മനുഷ്യന്റെ നിത്യജീവിതത്തിൽ അവനു നേരിടേണ്ടിവരുന്നതായ എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം അവൻ തന്റെ ന്യായപ്രമാണ കല്പനകളിൽ ഉൾക്കൊള്ളിച്ചിരുന്നു. ജനത്തിനു നൽകിയ ചട്ടങ്ങളും വിധികളും ഉള്ളടങ്ങിയ നിയമങ്ങൾ ഉറപ്പേറിയതും അടിസ്ഥാനപ്പെട്ടതും അത്യുത്തമവുമായിരുന്നു. അത് ലഭിച്ചത് ദൈവത്തിന്റെ കൈകളിൽ നിന്നായിരുന്നു ***(ആവർത്തനം 4:58 കാണുക).***

### ദൈവത്തിന്റെ നീതി

എന്നാൽ ഇതര ജാതികളുടെ കാര്യത്തിൽ സംഭവിച്ചതുപോലെ തന്നേ, യിസ്രായേൽ ജനത്തിന്റെ ഇടയിലേയ്ക്കും അനീതി നുഴഞ്ഞുകയറി. ജനത്തിലെ ധനികരുടെയും അധികാരസ്ഥന്മാരുടെയും കീഴിൽ ദരിദ്രരായിരുന്നു പലപ്പോഴും പീഢ അനുഭവിക്കേണ്ടിവന്നത്(ആമോസ് 2:6 കാണുക). യിസ്രായേൽജനത്തോട് ന്യായവിസ്താരത്തിൽ നീതിയും ന്യായവും മറിച്ചുകളയരുതെന്നും, ദരിദ്രനോട് പക്ഷ പാതപരമായോ വലിയവനോട് ആഭിമുഖ്യം കാണിച്ചുകൊണ്ടോ ന്യായം വിധിക്കരുതെ ന്നും ദൈവം കല്പിച്ചിരുന്നു. ഏതു സാഹചര്യത്തിലായാലും അവർ തങ്ങളുടെ കൂട്ടുകാരനോട് നീതിയോടും ന്യായത്തോടും ഇടപെടണമെന്നായിരുന്നു അവർക്കു നൽകിയ കല്പന. (ലേവ്യർ 19:15).

ന്യായം മറിച്ചുകളയുന്നതായി കാണുന്ന സന്ദർഭങ്ങളിൽ ദൈവം അതിലുള്ള തന്റെ വിദ്വേഷം ജനത്തെ അറിയിക്കുന്നതിനായി തന്റെ പ്രവാചകന്മാരെ അവരുടെ അടുക്കലേയ്ക്ക് അയയ്ക്കുമായിരുന്നു.

(ദൈവത്തിന്റെ അരുളപ്പാടുകൾ ജനത്തെ അറിയിക്കുന്നതിനായി ദൈവം തിരഞ്ഞെടുത്തവരായിരുന്നു ദൈവത്തിന്റെ പ്രവാചകന്മാർ). അത്യാഗ്രഹികളും സ്വാർത്ഥമതികളുമായ മനുഷ്യരുടെ പ്രവൃത്തികളെ അവർ ശക്തമായ ഭാഷയിൽ കുറ്റപ്പെടുത്തി സംസാരിക്കുമായിരുന്നു. ജനം അന്യായം പ്രവർത്തിക്കുമ്പോൾ പരിശുദ്ധനും നീതിമാനുമായ ദൈവത്തിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടിയുണ്ടാകുമായിരുന്നു. ***ഇങ്ങനെയുള്ള ജാതിയോട് ഞാൻ പകരം ചെയ്യാതെ ഇരിക്കുമോ എന്നു യഹോവയുടെ അരുളപ്പാട്"(യിരെമ്യാവ് 5:2829).*** അവൻ അങ്ങനെയുള്ളവരെ ശിക്ഷിക്കുക തന്നേ ചെയ്തു!

### ദൈവത്തിന്റെ ന്യായവിധി


ഇപ്രകാരം എല്ലാവരും നീതിയും ന്യായവുമുള്ളവരായിരിക്കണം എന്ന നിയമം ദൈവം വ്യവസ്ഥ ചെയ്തു സ്ഥാപിച്ചിട്ടുള്ളതാണ്. ***"ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു" (റോമർ 13:1).*** പാപത്താൽ മലിനമാക്കപ്പെട്ട ഈ ലോകത്തിൽ കാണപ്പെടുന്ന പല സംഗതികളെയും പോലെ, ചില ഭരണാധികാരികൾ അനീതിയും അന്യായവും ചെയ്യുന്നവരാണ്. അവർ യിരെമ്യാപ്രവചനം 5ആം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നവരെ പോലെയുള്ളവരാണ്. എന്നാൽ ദൈവത്തെ മറച്ച് ഒന്നും ചെയ്യുവാൻ സാധിക്കുന്നതല്ല! ലോകം കണ്ടതിൽ വെച്ച് ഏറ്റവും വലിയ ജ്ഞാനിയായ ശലോമോൻരാജാവ് തന്റെ സഭാപ്രസംഗി എന്ന പുസ്തകം അവസാനിപ്പിച്ചിരിക്കുന്നത് ഈ വാക്കുകൾ പറഞ്ഞുകൊണ്ടാണ്: ***"ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേയ്ക്കു വരുത്തുമല്ലോ"(സഭാപ്രസംഗി 12:14).***

**വായിക്കുക: സങ്കീർത്തനം 11:17 & സങ്കീർത്തനം 89:11-18**

| മനുഷ്യൻ (പാപ സ്വഭാവമുള്ളവൻ) | | ദൈവം (പരിശുദ്ധൻ) |
|---|---|---|
| | **സൽ പ്രവൃത്തികൾ** | |
| | **മതം** | |
| | **തത്ത്വചിന്ത** | |
| | **ധാർമ്മികത** | |

പൗലൊസിന്റെ ലേഖനത്തിലും ഈ സത്യത്തെ പിന്തുണച്ചുകൊണ്ട് എഴുതിയിരിക്കുന്നതായി കാണാം: ***"ദൈവം യേശുക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ ...... ന്യായം വിധിക്കുന്ന നാളിൽ തന്നേ"(റോമർ 2:16).*** ദൈവം മനുഷ്യന്റെ പ്രവൃത്തികളും, സംസാരങ്ങളും, രഹസ്യവിചാരങ്ങളെ പോലും നന്നായി അറിയുന്നു. അധികനാളുകൾ കഴിയുന്നതിനു മുമ്പേ, നാം ഓരോരുത്തരും നമ്മുടെ അത്തരം കാര്യങ്ങൾക്കെല്ലാം ദൈവത്തോടു സമാധാനം പറയേണ്ടതായിട്ടുവരും! പുതിയനിയമത്തിലെ ഉപദേശമനുസരിച്ച്, ഈ കാലത്തിലായാലും അധികാരസ്ഥാനങ്ങളിലുള്ളവരെല്ലാം ദൈവത്താൽ നിയമിക്കപ്പെട്ടിട്ടുള്ള വരാണ്. അവരെല്ലാവരും നീതിയോടെ ഭരണം നടത്തണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ക്രിസ്ത്യാനികൾ നിലവിലുള്ള അധികാരങ്ങൾക്കു കീഴടങ്ങിയിരിക്കണം എന്നതാണ് ദൈവകല്പന***(റോമർ 13:1&2 കാണുക).***

ആകട്ടെ, നിങ്ങളുടെ രഹസ്യവും അല്ലാതെയുമുള്ള പാപപ്രവൃത്തികളുടെ കാര്യത്തിൽ എന്താണു പറയുവാനുള്ളത്? ദൈവം പരിശുദ്ധനാണ്. തന്റെ സ്വഭാവത്തിനു വിരുദ്ധമായി അവനു പ്രവർത്തിക്കുവാൻ കഴിയുന്നതല്ല. അതിനാൽ അവനു നമ്മുടെ തെറ്റായ സകല കാര്യങ്ങൾക്കും നമ്മെ ന്യായം വിധിക്കേണ്ടതായിട്ടുണ്ട്. നാം എല്ലാവരും പാപം ചെയ്തു, നാം എല്ലാവരും കുറ്റം വിധിക്കപ്പെട്ടിരിക്കുന്നു, നാം എല്ലാവരും ശിക്ഷയ്ക്കു യോഗ്യരായിരിക്കുന്നു ***(റോമർ 6:23).*** എന്നാൽ ദൈവത്തിനു നമ്മോടുള്ള തന്റെ സ്നേഹവും കരുണയും നിമിത്തം, തന്റെ പുത്രൻ നമ്മെ സ്നേഹിച്ച് നമുക്കു വേണ്ടി സ്വയം യാഗമായി അർപ്പിച്ചുകൊണ്ടു തന്നേ, നമ്മുടെ പാപങ്ങൾക്കു പരിഹാരം വരുത്തിയിരിക്കുന്നു. അതിനാൽ ദൈവത്തിന് നമ്മുടെ സകല പാപങ്ങളും നമ്മോടു ക്ഷമിച്ചുതരുവാൻ സാധിക്കുന്നു. നാം ഓരോരുത്തരും ശിക്ഷ ഏൽക്കേണ്ടിയിരുന്ന സ്ഥാനത്ത് നമ്മുടെ കർത്താവായ യേശുക്രിസ്തു നമുക്കു വേണ്ടി ആ ശിക്ഷ ഏറ്റു വാങ്ങിയിരിക്കുന്നു. ***"യഹോവ (ദൈവം) നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി" (യെശയ്യാവ് 53:6).*** സകല മനുഷ്യരും ദൈവം തന്റെ നീതിയാൽ ഒരുക്കിത്തന്ന ഈ സത്യദൈവത്തിൽ വിശ്വസിച്ച് അവനെ സ്വീകരിക്കണം. ഇനി ദൈവത്തിന്റെ ഈ രക്ഷാമാർഗ്ഗം പ്രയോജനപ്പെടുത്താത്ത സകല മനുഷ്യർക്കുമായി ദൈവം ഒരു ന്യായവിധി നടത്തുവാൻ പോകുന്നു ***(വെളിപ്പാട് 20: 12).*** എന്നാൽ കർത്താവിന്റെ അടുക്കലേയ്ക്കു വരുന്ന സകലർക്കും പാപക്ഷമയുണ്ട്.



# ന്യൂലൈഫ്
# പ്രവൃത്തി പരിചയം



**1** **താഴെക്കൊടുത്തിരിക്കുന്ന വ്യക്തികളുടെ പേരിനു നേരെ അവർ പറഞ്ഞ വാക്കുകൾ തിരഞ്ഞെടുത്ത് എഴുതുക. സഹായത്തിനായി പഠന നോട്ടുകൾ ഉപയോഗിക്കാവുന്നതാണ് .** 5

| | |
|---|---|
| യെശയ്യാവ് | "ദൈവം..മനുഷ്യരുടെ രഹസ്യങ്ങളെ ന്യായം വിധിക്കുന്ന നാളിൽ..." |
| ശലോമോൻ | "യഹോവ (ദൈവം) നീതിമാൻ; അവൻ നീതിയെ ഇഷ്ടപ്പെടുന്നു." |
| യിരെമ്യാവ് | " ദൈവം ...സകല പ്രവൃത്തിയെയും .... ന്യായവിസ്താരത്തി ലേയ്ക്കു വരുത്തുമല്ലോ" |
| സങ്കീർത്തനക്കാരൻ.. | "ഇങ്ങനെയുള്ള ജാതിയോട് ഞാൻ പകരം ചെയ്യാതെ ഇരിക്കുമോ. ..?" |
| പൗലൊസ് | "യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവനന്റെ മേൽ ചുമത്തി". |

**2** A. **ദൈവം പത്തു കല്പനകൾ കൊടുത്തത് ആർക്കാണ്? ഏതു സ്ഥലത്തു വെച്ചാണ്?** 6

..........................................................................................................................................

B. **ദൈവം ഈ കല്പനകൾ എന്തിനു നൽകി എന്നാണ് നിങ്ങൾ കരുതുന്നത്?**

..........................................................................................................................................

..........................................................................................................................................

..........................................................................................................................................

**3** A. **ദൈവം തന്റെ ജനത്തെക്കുറിച്ച് പ്രതീക്ഷിച്ചത് അവർ അന്യോന്യം നീതിയോടും ന്യായത്തോടും കൂടെ ഇടപെടണമെന്നായിരുന്നു.** *ആവർത്തനം 16:20* **വായിച്ച് അതുപോലെ എഴുതുക .** 4

..........................................................................................................................................

..........................................................................................................................................

..........................................................................................................................................

B. **മറ്റുള്ളവരോട് അന്യായത്തോടെ അല്ലെങ്കിൽ അനീതിയോടെ പെരുമാറിയതിന് നിങ്ങൾക്കറിയാവുന്ന ഒരു ഉദാഹരണം നൽകുക.**

..........................................................................................................................................

..........................................................................................................................................

**4** **പാപത്തിന് ഒരു കാരണവശാലും ശിക്ഷ കിട്ടാതെ പോകയില്ല എന്ന്, നമ്മൾ വിശ്വസിക്കുന്നത് എന്തു കൊണ്ടാണെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിവരിക്കുക** 4

..........................................................................................................................................

..........................................................................................................................................

..........................................................................................................................................

..........................................................................................................................................

**5** **നേരുള്ളവനും നീതിമാനുമായ ദൈവത്തിന് എങ്ങനെയാണ് പാപികളോടു ക്ഷമിക്കുവാൻ സാധിക്കുന്നത് എന്നു വിവരിക്കുക.** 3

..........................................................................................................................................

..........................................................................................................................................

..........................................................................................................................................

..........................................................................................................................................

**6** *അപ്പൊസ്തലപ്രവൃത്തികൾ 13:38 – 39* **വായിച്ചതിനു ശേഷം, വ്യക്തികൾ എന്ന നിലയിൽ നമുക്ക് എങ്ങനെയാണ് ദൈവത്തിന്റെ പാപക്ഷമ ലഭിക്കുന്നത് എന്ന് വിശദീകരിക്കുക.** 3

..........................................................................................................................................

..........................................................................................................................................

..........................................................................................................................................

..........................................................................................................................................

**25**

ആകെ മാർക്ക്

# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ദൈവം

**യൂണിറ്റ് B**

**പഠനം 3.** ദൈവ സ്നേഹം

പേര്: .........................................................

**താക്കോൽവാക്യം: 1 യോഹന്നാൻ 4:19**

**"അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു."**

**വായിക്കുക: 1 യോഹന്നാൻ 4: 7-19**

**ദൈവം സ്നേഹം ആകുന്നു**

ദൈവസ്വഭാവത്തിന് ധാരാളം ഗുണങ്ങളുണ്ട്, എന്നാൽ ദൈവസ്നേഹത്തേക്കാൾ പ്രാധാന്യമുള്ളതല്ല മറ്റൊന്നും. *"ദൈവം സ്നേഹം തന്നേ"!* ഈ ലളിതമായ വാക്യത്തിൽ അവന്റെ ഹൃദയത്തെ തന്നേ വെളിപ്പെടുത്തി ത്തന്നിരിക്കുന്നു " അവൻ ഇപ്പോൾ എങ്ങനെയായിരിക്കുന്നു എന്നും, എക്കാലത്തും എങ്ങനെയായിരുന്നുവെന്നും, ഇനി ഒരിക്കലും അങ്ങനെയാകാ തിരിക്കയില്ല എന്നും! ബൈബിളിലൂടെ ദൈവം മനുഷ്യർക്കു നൽകിയിരിക്കുന്ന ഉന്നതമായ സന്ദേശം, അവൻ തന്റെ സ്നേഹം ഒരിക്കലും തന്നിൽ തന്നേ അടക്കി വെച്ചില്ല എന്നുള്ളതാണ്. അവൻ അത് പല രീതികളിലൂടെ മനുഷ്യർക്കു കാണിച്ചുകൊടുത്തു.

**യിസ്രായേലിനോടുള്ള ദൈവത്തിന്റെ സ്നേഹം**

യിസ്രായേൽജനം ഈജിപ്റ്റിൽ അടിമകളായിരുന്നതിന് നൂറു കണക്കിനു വർഷങ്ങൾക്കു മുമ്പേ, ദൈവം അവരുടെ പൂർവ്വപിതാവായ അബ്രാഹാമിന് ഒരു വാഗ്ദത്തം കൊടുത്തു. ദൈവം അവരെ ഒരു വലിയ ജാതിയാക്കും എന്നതായിരുന്നു ആ വാഗ്ദത്തം ***(ഉൽപത്തി 12:1&2)***. എക്കാലത്തും തന്റെ വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ ദൈവം താൻ പറഞ്ഞ കാര്യം അങ്ങനെ തന്നേ ചെയ്തു. ചില നൂറ്റാണ്ടുകളിലൂടെ ദൈവം യിസ്രായേൽമക്കളുടെ മേൽ പ്രവർത്തിച്ച് അവരെ തന്റെ സ്വന്ത ജനമായി രൂപപ്പെടുത്തിയെടുത്തു. പിന്നീട് അവരെ "വാഗ്ദത്തദേശമായ" കനാനിലേയ്ക്കു പ്രയാണം ചെയ്യിച്ച് ആ ദേശം അവർക്ക് അവകാശമായി കൊടുത്തു. മോശെ മരിക്കാറായ സമയത്ത് ജനത്തെ ഓർമ്മിപ്പിച്ച സത്യം, ദൈവം അവരെ തിരഞ്ഞെടുത്തത് അവർ സംഖ്യയിൽ പെരുപ്പമുള്ളവരായതു കൊണ്ടല്ല, നേരേമറിച്ച്, യഹോവ അവരെ ***സ്നേഹിക്കുന്നതു*** കൊണ്ടും താൻ അബ്രാഹാമിനോടു ചെയ്ത വാഗ്ദത്തസത്യം പാലിക്കുന്നതുകൊണ്ടും ആണ് എന്നായിരുന്നു ***(ആവർത്തനം 7:69)***.

**വ്യക്തികളോടുള്ള ദൈവത്തിന്റെ സ്നേഹം**


ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് ധാരാളമായി വർണ്ണിച്ച് എഴുതിയിട്ടുള്ള ഒരു മനുഷ്യൻ ദാവീദാണ്. അവൻ സ്നേഹത്തെക്കുറിച്ചു വർണ്ണിക്കുവാൻ ഉപയോഗിച്ചിട്ടുള്ള പദത്തെ വിവിധ ബൈബിൾ പരിഭാഷകളിൽ സ്നേഹാർദ്രത ( loving kindness), ദയ, കുറഞ്ഞുപോകാത്ത സ്നേഹം (unfailing love), കരുണ (mercies), നന്മ (goodness) എന്നിങ്ങനെയെല്ലാം പരിഭാഷപ്പെടുത്തിയിട്ടുണ്ട് ***(സങ്കീർത്തനം 31:7; 36:7; 144:2 തുടങ്ങിയ വാക്യങ്ങൾ കാണുക)***. ദാവീദ് തന്റെ ജീവിതത്തിലുടനീളം ദൈവത്തിന്റെ മഹാസ്നേഹത്തെ അനുഭവിച്ചറിയുകയും അതിനെക്കുറിച്ച് പ്രകീർത്തിക്കുകയും ചെയ്തിരുന്നു. ബേത്ത്ലെഹേമിൽ ആരും അറിയാത്ത ഒരു ആട്ടിടയനായി ജീവിച്ചപ്പോഴും യെരൂശലേമിൽ ഒരു രാജാവായി ഭരണം നടത്തിയപ്പോഴും എല്ലാം അവൻ അങ്ങനെ ചെയ്തിട്ടുണ്ട്. അവന്റെ ജീവിതം നമ്മുടേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കാം. എന്നാൽ അവൻ രചിച്ചിട്ടുള്ള സങ്കീർത്തനങ്ങൾ മനസ്സിരുത്തി വായിക്കുമ്പോൾ, അവൻ നാം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന അനുഭവങ്ങളിലൂടെ കടന്നുപോയ ഒരുവനാണ് എന്നു നമുക്കു മനസ്സിലാക്കാം. ജീവിതത്തിൽ നമുക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന വിജയത്തിലും പരാജയത്തിലും, ഭീതിയുടെ അനുഭവത്തിലും സന്തോഷത്തിലും, സ്നേഹത്തിലും, അവഗണനയിലുമെല്ലാം നമുക്ക് ദാവീദിന്റെ അനുഭവങ്ങളെ കാണുവാൻ സാധിക്കും. ഇത്തരത്തിലുള്ള എല്ലാ സന്ദർഭങ്ങളിലും ദാവീദ് എന്നേയ്ക്കും നിലനിൽക്കുന്നതും മാറിപ്പോകാത്തതുമായ ദൈവത്തിന്റെ വിശ്വസ്ത സ്നേഹത്തോടു പറ്റിച്ചേർന്നു നിന്നു. അവന് മറ്റൊരാളുടെ ഭാര്യയോട് അടുപ്പം തോന്നുകയും അത് ദൈവത്തിന് അനിഷ്ടമായിത്തീരുകയും ചെയ്ത സന്ദർഭത്തിൽ പോലും അവൻ ദൈവസ്നേഹം എന്താണെന്നു മനസ്സിലാക്കുകയായിരുന്നു ***(2ശമൂവേൽ 11)***. താൻ ചെയ്ത ആ പാപം എത്രയോ ഭയാനകം എന്നു മനസ്സിലായപ്പോൾ അവൻ ദൈവത്തോടു നിലവിളിച്ചു: ***"ദൈവമേ, നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയണമേ" (സങ്കീർത്തനം 51:1).***

**ലോകത്തെ സ്നേഹിച്ച ദൈവസ്നേഹം**

യിസ്രായേൽജനത്തോടു ദൈവം കാണിച്ച തന്റെ സ്നേഹത്തെക്കുറിച്ചുള്ള ഈ ചിന്തയിൽ നിന്നും നാം പിന്നെയും മുൻപോട്ടു പോകുമ്പോൾ നമുക്കു കാണുവാൻ സാധിക്കുന്നത്, ദൈവസ്നേഹം ഈ ലോകത്തിലേയ്ക്കു മുഴുവൻ വ്യാപിക്കുന്നതായിട്ടാണ്(യോഹന്നാൻ 3:16). ദൈവത്തിന്റെ പരിശുദ്ധിയും നീതിയും അനുസരിച്ച് പാപികളായ മനുഷ്യസമൂഹം മുഴുവനും ശിക്ഷ ഏൽക്കേണ്ടവരാണ്. എന്നാൽ ദൈവത്തിന്റെ മഹാസ്നേഹം നിമിത്തം പാപികൾക്ക് പാപക്ഷമ ലഭിക്കുവാൻ ദൈവം അവസരം ഒരുക്കിയിരിക്കുന്നു ***(സങ്കീർത്തനം 51:7 കാണുക). സങ്കീർത്തനം 36:7ൽ*** കാണുന്നതനുസരിച്ച് പഴയനിയമത്തിൽ പറഞ്ഞിരിക്കുന്ന ആ ദൈവ സ്നേഹത്തിന്റെ വ്യാപ്തിയെയും സ്വഭാവത്തെയും കറിച്ച് നമുക്കു ചില കാര്യങ്ങൾ മനസ്സിലാക്കുവാൻ സാധിക്കും. പുതിയനിയമത്തിലേയ്ക്കു വരുമ്പോൾ, ദൈവ സ്നേഹത്തിന്റെ ഉദാത്തമായ ഉദാഹരണം ഒരു വ്യക്തിയിലൂടെ വെളിപ്പെടുത്തിത്തന്നിരിക്കുന്നതായി നമുക്കു മനസ്സിലാക്കാം ***'ദൈവപുത്രനായ'*** കർത്താവായ യേശു ക്രിസ്തുവിന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും. ***"ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ ദൈവം നമുക്കു തന്നോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമർ 5:8)***. നാം ദൈവത്തിന്റെ അടുത്തേയ്ക്കു ചെല്ലുന്നതിനായി അവൻ നമുക്കു വേണ്ടി കാത്തിരിക്കുന്നില്ല; അതിനു പകരമായി, അവൻ നമ്മോടുള്ള തന്റെ സ്നേഹത്താൽ, തന്റെ പുത്രനെ ഈ ലോകത്തിന്റെ രക്ഷിതാവായി അയച്ചുകൊണ്ട് അവൻ നമ്മുടെ അടുക്കലേയ്ക്കു വന്നു. എന്നാൽ ഈ ലോകം എന്നെയും നിങ്ങളെയും പോലെയുള്ളവരെക്കൊണ്ടു നിറഞ്ഞതാണ്. ദൈവസ്നേഹത്തെക്കുറിച്ച് ദാവീദ് തനിക്കു ലഭിച്ച പാപക്ഷമയിലും അനുഗ്രഹത്തിലും അനുഭവിച്ചറിഞ്ഞതു പോലെ താങ്കൾക്ക് അറിയുവാൻ കഴിയുന്നുണ്ടോ? ***"ക്രിസ്തു എനിക്കു വേണ്ടി മരിച്ചു"*** എന്നു താങ്കൾക്കു പറയുവാൻ സാധിക്കുമോ?

**ദൈവസ്നേഹത്തോടുള്ള നമ്മുടെ പ്രതികരണം**

ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ വിലയെക്കുറിച്ചു നാം യത്ഥാർത്ഥമായി മനസ്സിലാക്കിയാൽ, നാം തിരിച്ച് അവനെയും വാസ്തവമായി സ്നേഹിക്കും. ദൈവത്തിന്റെ വചനത്തെ അനുസരിക്കുന്നതിലൂടെയാണ് നാം അവനോടുള്ള സ്നേഹത്തെ പ്രകടിപ്പിക്കുന്നത് ***(യോഹന്നാൻ 14:15&23)***. കർത്താവായ യേശുക്രിസ്തു ദൈവസ്നേഹത്തെക്കുറിച്ചുള്ള മറ്റൊരു പ്രധാന സത്യം തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു: ***"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം" (യോഹന്നാൻ 13:34).*** നമ്മുടെ രക്ഷിതാവ് നമുക്കു പ്രദർശിപ്പിച്ചു തന്ന ദിവ്യസ്നേഹം എന്നത് നിങ്ങളുടെ ജീവൻ മറ്റുള്ളവർക്കു വേണ്ടി കൊടുത്തുകൊണ്ടും സ്വയം ത്യജിച്ചുകൊണ്ടും സ്നേഹിക്കുന്ന സ്നേഹമാണ്. അത് നിങ്ങളെത്തന്നേ സ്വയം പ്രസാദിപ്പിക്കുന്ന സ്നേഹമല്ല, നേരേ മറിച്ച്, ദൈവത്തെ പ്രസാദിപ്പിക്കുന്ന സ്നേഹമാണ്. ദൈവ സ്നേഹത്തിന്റെ വലിപ്പത്തെക്കുറിച്ചും അവൻ സ്വയം ത്യജിച്ചുകൊണ്ടു സ്നേഹിച്ച ആ സ്നേഹത്തിന്റെ വിലയെക്കുറിച്ചും ചിന്തിക്കുമ്പോൾ, നമുക്ക് നമ്മുടെ ജീവിതങ്ങളെ അവനു സമർപ്പിക്കുകയല്ലാതെ മറ്റെന്തെങ്കിലും ചെയ്യുവാൻ കഴിയുമോ?



# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**1** ***ആവർത്തനം 7:9*** **വായിച്ചതിനുശേഷം ദൈവം യിസ്രായേൽജനത്തെ തിരഞ്ഞെടുത്തതിനു കാരണമല്ലാത്തതായി അവിടെ പറയുന്ന ഒരു കാര്യവും അവരെ തിരഞ്ഞെടുത്തതിനു കാരണമായി പറയുന്ന രണ്ടു കാര്യങ്ങളും ഏതൊക്കെയാണെന്ന് എഴുതുക** (6)

..........

..........

..........

**2** ***സങ്കീർത്തനം 51:1 ൽ*** **ദാവീദ് താൻ ചെയ്ത പാപം ഏറ്റു പറഞ്ഞതിൽ നിന്ന് നമുക്ക് എന്താണു പഠിക്കുവാൻ സാധിക്കുന്നത്?** (4)

1. അവന്റെ പാപബോധത്തെക്കുറിച്ച് ..........

..........

2. ദൈവത്തിന് അവനോടുണ്ടായിരുന്ന സ്നേഹത്തെക്കുറിച്ച് ..........

..........

**3** ***റോമർ 5:8*** പൂർണ്ണമായി എഴുതുക. ഈ വാക്യത്തിൽ ദൈവ സ്നേഹത്തിന്റെ വലിപ്പത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗത്തിന് അടിവരയിടുക. (2)

..........

..........

..........

**4** **ഈ പാഠത്തിന്റെ താക്കോൽ വാക്യം ഒരിക്കൽ കൂടി വായിക്കുക. അതിനു ശേഷം, ദൈവ സ്നേഹത്തിന്റെ ഏറ്റവും വലിയ തെളിവ് എന്താണെന്നാണു നിങ്ങൾ കരുതുന്നതെന്ന്** ***നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.*** (3)

..........

..........

..........

**5** **ക്രിസ്ത്യാനികൾക്ക്, തങ്ങളുടെ കർത്താവും യജമാനനുമായ ദൈവത്തെ അവർ സ്നേഹിക്കുന്നു എന്നുപ്രകടിപ്പിക്കുവാൻ സാധിക്കുന്ന വിവിധ രീതികൾ ഏതൊക്കെ എന്നു എഴുതുക.** (4)

..........

..........

..........

**6** **ഇക്കാലത്ത് ഒരു യുവാവായ ക്രിസ്ത്യാനിക്ക് തന്റെ പ്രിയപ്പെട്ടവരോട് ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് എങ്ങനെ അറിയിച്ചു കൊടുക്കുവാൻ സാധിക്കും എന്ന് എഴുതുക:** (6)

1. തന്റെ മാതാപിതാക്കളോട്: ..........

..........

2. സ്കൂളിൽ/ ജോലിസ്ഥലത്തുള്ള തന്റെ സുഹൃത്തുക്കളോട് : ..........

..........

3. പ്രായമുള്ള ഒരു അയൽക്കാരനോട് ..........

..........

(25)
ആകെ മാർക്ക്

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

# ദൈവം

## യൂണിറ്റ് B

**പഠനം 4. ദൈവത്തിന്റെ കരുണയും കൃപയും**

പേര്: ........................................................

**വായിക്കുക: അ: പ്രവൃത്തികൾ 26:1& 9 –19**

**താക്കോൽവാക്യം: എഫെസ്യർ 2:8**

**"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു."**

ദൈവത്തിന് ഒരു കാരണവശാലും വിശുദ്ധനും നീതിമാനും നേരുള്ളവനും എന്നുള്ള തന്റെ ഗുണങ്ങളില്ലാത്തവനായിരിപ്പാൻ കഴിയുന്നതല്ല. അതിനാൽ അവൻ പാപത്തിനു ശിക്ഷ നൽകിയേ മതിയാകൂ. എന്നിരുന്നാലും, അവന് പാപികളോടുള്ള തന്റെ സ്നേഹം ഒരുനാളും നിന്നു പോകയില്ല എന്നതും വാസ്തവമായിരിക്കുന്നു! അതിശയകരമായ അവന്റെ സ്നേഹത്തിൽ അവന്റെ കരുണയും (ദയയും) കൃപയും ഉള്ളടങ്ങിയിരിക്കുന്നു.

ഈ ഗുണങ്ങളെ ഇങ്ങനെ നിർവ്വചിക്കുവാൻ സാധിക്കും:-
**ദൈവത്തിന്റെ കരുണ-**
നാം അർഹിക്കുന്ന ശിക്ഷയിൽ നിന്നു നമ്മെ വിടുവിക്കുന്നു.
**ദൈവത്തിന്റെ കൃപ-**
നാം അർഹിക്കാത്ത പ്രത്യേക ദയ നമുക്കു നൽകുന്നു.

**ദൈവത്തിന്റെ കരുണയും കൃപയും പഴയനിയമത്തിൽ**

പഴയ നിയമത്തിൽ ഉടനീളം കരുണയും കൃപയും എന്ന ആ ഇരട്ട ഗുണങ്ങൾ വ്യക്തികൾക്കും ജാതികൾക്കും നൽകുന്നതായി ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നതായി കാണാം. ജലപ്രളയത്തിനു മുമ്പുണ്ടായിരുന്ന ഏറ്റവും ദുഷിച്ച കാലഘട്ടത്തിൽ, ***"നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു"(ഉല്പത്തി 6:8).*** മറ്റൊരു ഉദാഹരണം കാണുവാൻ കഴിയുന്നത്, നിനെവേക്കാർക്കുണ്ടായ അനുഭവമാണ്. അവർ യോനായിൽ നിന്നും കേട്ട ദൈവത്തിന്റെ ***അരുളപ്പാടുകളിൽ വിശ്വസിച്ച് നാശത്തിൽ നിന്നു രക്ഷ പെട്ടു. "യഹോവ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ള ദൈവം" (യോനാ 4:2).*** എന്നു അവർക്കുണ്ടായ അനുഭവത്തിലൂടെ തെളിയിക്കപ്പെട്ടു.

പ്രവാചകന്മാർ യിസ്രായേൽ ജനത്തോടും ജാതികളോടും ദൈവത്തിന്റെ നീതിയെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും നിരന്തരം പ്രസംഗിച്ചുകൊണ്ടിരുന്നു. എന്നാൽ, പലപ്പോഴും കേൾവിക്കാർ അതിൽ താല്പര്യം കാണിച്ചില്ല. അവർ അവരുടെ ദുർമ്മാർഗ്ഗം വിട്ടു തിരിയുവാൻ മനസ്സു കാണിച്ചുമില്ല. അതിന്റെ ഫലമായി അവരുടെ ജീവിതം ദൈവത്തിന്റെ ന്യായവിധിയിൽ ചെന്നവസാനിച്ചു. എന്നിരുന്നാലും ദൈവം അവർക്കു വാഗ്ദത്തം ചെയ്ത അവന്റെ ദയ അങ്ങനെ തന്നേ അവിടെയുണ്ടായിരുന്നു. യെശയ്യാപ്രവാചകൻ അതിനെക്കുറിച്ച് ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്: ***"ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേയ്ക്കു തിരിയട്ടെ; അവൻ അവനോട് കരുണ കാണിക്കും; നമ്മുടെ ദൈവത്തിങ്കലേയ്ക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും"(യെശയ്യാവ് 55:7).***

**ദൈവത്തിന്റെ കരുണയും കൃപയും പുതിയനിയമത്തിൽ**

നമ്മുടെ പാപം മുഖാന്തരം നാമും പരിശുദ്ധനായ ദൈവവും തമ്മിലുള്ള ബന്ധത്തിന് വളരെ വലിയ വിടവുണ്ടായി. ആ ബന്ധം പുന:സ്ഥാപിക്കുവാൻ നമ്മൾ ചെയ്യുന്ന പ്രവൃത്തികൾക്കൊന്നും കഴിയുന്നതല്ല. പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടെ ഒരു മനുഷ്യനും ദൈവത്തിൽ നിന്ന് അകന്നിരിക്കണമെന്ന് ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല. ദൈവം മനുഷ്യർക്കായി ഒരുക്കിയിട്ടുള്ള ഏകരക്ഷാമാർഗ്ഗം അനുസരിച്ച് രക്ഷ പ്രാപിക്കാത്തവർക്കെല്ലാം ശിക്ഷ സുനിശ്ചിതമാണ് എന്നാൽ, ദൈവം അരുളിച്ചെയ്തിട്ടുള്ള സദ്വാർത്ത ഇതാണ് : ***"ദൈവം (അത്രമാത്രം) ലോകത്തെ സ്നേഹിച്ചു"(യോഹ. 3:16).*** ഇത് ദൈവം മനുഷ്യർക്കായി ഒരുക്കിയിട്ടുള്ള രക്ഷാമാർഗ്ഗത്തെക്കുറിച്ച് ഏറ്റവും ലളിതവും വ്യക്തവുമായി വിശദമാക്കിയിട്ടുള്ള ഒരു വാക്യമാണ് കർത്താവായ യേശുക്രിസ്തു മുഖാന്തരം ദാനമായി ലഭിക്കുന്ന ദയയും കൃപയും.

കരുണ എന്നതു കൊണ്ട് അർത്ഥമാക്കുന്നത്, നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷയ്ക്കു നാം അർഹരാണെങ്കിലും, നാം നശിച്ചു പോകയില്ല, കാരണം, നാം ശിക്ഷിക്കപ്പേടേണ്ടിയിരുന്ന സ്ഥാനത്ത് നമുക്കു വേണ്ടി കർത്താവായ യേശുക്രിസ്തു ആ ശിക്ഷകൾ ഏറ്റുവാങ്ങിയിരിക്കുന്നു.

കൃപ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, നാം അനർഹരെങ്കിലും, ദൈവത്തിങ്കൽ നിന്നും നമുക്ക് അത്ഭുതകരമായ ഒരു ദാനം എന്ന നിലയിൽ നമുക്കു നിത്യജീവൻ ഉണ്ട് എന്നതു തന്നേ. നാം അവനിൽ വിശ്വസിക്കുകയും അവന്റെ ദാനം സ്വീകരിക്കുകയും ചെയ്യുന്ന അതേ നിമിഷത്തിൽ, അതു നമ്മുടെ സ്വന്തമായി തീരുന്നു.

**ദൈവത്തിന്റെ കരുണയും കൃപയും പൗലൊസിന്റെ ജീവിതത്തിൽ**

ദൈവത്തിന്റെ ദയയും കൃപയും പൂർണ്ണമായ രീതിയിൽ അനുഭവിച്ച ഒരു മനുഷ്യനായിരുന്നു അപ്പൊസ്തലനായ പൗലൊസ്. അവൻ തികച്ചും യാഥാസ്ഥിതികനായ ഒരു യെഹൂദനായിരുന്നു. അവൻ ക്രിസ്ത്യാനികളോട് കടുത്ത എതിർപ്പും വിദ്വേഷവുമുള്ളവനായിരുന്നു. അതിനാൽ അവൻ തനിക്കു സാധ്യമായ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ച് അവരെയും അവരുടെ വിശ്വാസത്തെയും നശിപ്പിച്ചുകളയുവാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അതിന്റെ ഭാഗമായി അവൻ ദമസ്കൊസിലുള്ള ക്രിസ്ത്യാനികളെ പിടിച്ചുകെട്ടി യെരൂശലേമിലേയ്ക്കു കൊണ്ടുവരുന്നതിനായി അധികാരപത്രം വാങ്ങി ദമസ്കൊസിലേയ്ക്ക് യാത്ര ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. പക്ഷെ അവൻ ദമസ്കൊസിന്റെ പടിവാതിൽക്കൽ എത്തിയപ്പോൾ അവൻ കർത്താവായ യേശുക്രിസ്തുവിനാൽ പിടിക്കപ്പെട്ടു! മരിച്ചടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ കർത്താവിനെ അഭിമുഖമായി കണ്ട അതേ നിമിഷത്തിൽ കർത്താവിനോടുള്ള അവന്റെ മനോഭാവത്തിന് ആകമാനം മാറ്റം വന്നു! പൗലൊസിനുണ്ടായ സമൂലമായ ഈ മാറ്റത്തിനു ശേഷം, അവൻ ക്രിസ്തുവിന്റെ ഏറ്റവും വിശ്വസ്തനായ അനുഗാമികളിലൊരാളായി മാറി. അവന്റെ ജീവിതത്തിൽ കർത്താവു വരുത്തിയ ഇത്രയും വലിയ ആത്മീയ രൂപാന്തരത്തിലേയ്ക്കു തിരിഞ്ഞു നോക്കിക്കൊണ്ട് അവൻ പിന്നീട് ഇപ്രകാരം പറഞ്ഞു : ***"മുമ്പെ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠൂരനും ആയിരുന്നു; എങ്കിലും അവിശ്വാസത്തിൽ അറിയാതെ ചെയ്തതാകകൊണ്ട് എനിക്കു കരുണ ലഭിച്ചു. നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം വർദ്ധിച്ചുമിരിക്കുന്നു" (1 തിമൊഥെയൊസ് 1:13 – 14).***

അവൻ പിന്നീടു ചെയ്ത പ്രവൃത്തികളെല്ലാം യെഹൂദന്മാരോടും ജാതികളോടും ദൈവത്തിന്റെ കരുണയുടെയും കൃപയുടെയും സുവിശേഷം പാപക്ഷമയും നിത്യജീവനും അറിയിക്കുക എന്നതായിരുന്നു. പൗലൊസ് ക്രിസ്ത്യാനികളുടെ നേരെ പ്രവർത്തിച്ച സകല ക്രൂരമായ ഉപദ്രവങ്ങളുടെയും കുറ്റം ദൈവം അവനോടു ക്ഷമിച്ചു. അതു മാത്രമല്ല, ഒരിക്കൽ അവൻ നശിപ്പിച്ചുകളയുവാൻ ഇറങ്ങിത്തിരിച്ച വിശ്വാസത്തിനു വേണ്ടി വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന ഒരു ശ്രേഷ്ഠ ഉപദേഷ്ടാവും പ്രസംഗകനുമായിത്തീരുന്നതിനുള്ള കൃപാദാനങ്ങളും അവസരങ്ങളും ദൈവം അവനു നൽകുകയും ചെയ്തു.

പൗലൊസ് മനുഷ്യരുടെ സ്വഭാവപ്രകൃതിയെക്കുറിച്ച് ആഴമായ ജ്ഞാനം ഉള്ള ഒരു മനുഷ്യനായിരുന്നു. അതേസമയം, ദൈവത്തിന്റെ കൃപയാൽ മാത്രമേ ദൈവത്തിനു വേണ്ടി പ്രയോജനകരമായ എന്തെങ്കിലും ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്ന സത്യം അവൻ ഒരിക്കലും മറന്നുപോയിരുന്നില്ല ***(1കൊരിന്ത്യർ 15:10 കാണുക).***

ദൈവം നമ്മോടു കാണിച്ച കരുണയുടെയും കൃപയുടെയും പ്രതിഫലനമായി നമ്മിൽ ദൈവത്തോടു നന്ദി ഉളവായി വരേണ്ടത് ആവശ്യമാണ്. അതു നമ്മെ ദൈവത്തെ പ്രസാദിപ്പിക്കുന്നവരായി ജീവിക്കുവാൻ ഇടയാക്കുന്നു. ദൈവം കരുണയും കൃപയും ഉള്ളവനാണ്, അതോടൊപ്പം തന്നേ, നീതിമാനും നേരുള്ളവനുമാണ്. അതിനാൽ, നാം വിശ്വസിച്ച് അനുഗമിക്കുന്ന ദൈവത്തിന്റെ സ്വഭാവഗുണങ്ങൾ ഏറിയ അളവിലോ കുറഞ്ഞ അളവിലോ പ്രതിഫലിപ്പിക്കുന്ന രീതിയിലുള്ള ഒരു ജീവിതം ജീവിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ***"ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്?"(മീഖാ 6:8).***

**1** **ദൈവത്തിന്റെ കരുണയെക്കുറിച്ചും കൃപയെക്കുറിച്ചും നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.** 4

..........

..........

**2** A. ***യോഹന്നാൻ 3:16*** **എഴുതുക** 6

..........

..........

..........

B. **മേല്പറഞ്ഞ വാക്യത്തിന്റെ ആദ്യഭാഗത്ത് വിശ്വസിക്കുന്നവർക്ക് ദൈവം രണ്ടു വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു. അവ ഇവിടെ എഴുതുക** 1) അവർ..........

2) അവർക്ക്..........

C. **പ്രസ്തുത വാക്യത്തിന്റെ രണ്ടാം ഭാഗത്ത് ദൈവം തന്നിൽ വിശ്വസിക്കുന്നവർക്ക് ചെയ്തിരിക്കുന്ന രണ്ടു കാര്യങ്ങളെക്കുറിച്ചു പറഞ്ഞിരിക്കുന്നു. അവ ഇവിടെ എഴുതുക.**

1) ദൈവം ..........

2) ദൈവം ..........

**3** ***1 തിമൊഥെയൊസ് 1:12 – 16 ൽ*** **പൗലൊസ് തന്നെക്കുറിച്ചു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വായിക്കുക. അതിനു ശേഷം താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** 6

1) അവൻ തന്റെ മാനസാന്തരത്തിനു മുമ്പുള്ള അവസ്ഥയെക്കുറിച്ച് എങ്ങനെയാണു വിവരിച്ചിരിക്കുന്നത്?

..........

2) ***1:14 ൽ*** "നമ്മുടെ കർത്താവിന്റെ കൃപ"യെക്കുറിച്ച് അവൻ എന്താണു പറഞ്ഞിരിക്കുന്നത്?

..........

..........

***1:16ൽ*** **അവന് കരുണ ലഭിച്ചതിനുള്ള കാരണത്തെക്കുറിച്ച് അവൻ പറയുന്നതെന്താണെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.**

..........

..........

**4** ***യോനാ 3*** **ആം അദ്ധ്യായം മുഴുവനും വായിക്കുക. തുടർന്ന് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** 6

1) യോനാ ജനങ്ങളെ അറിയിച്ച ദൈവത്തിന്റെ അരുളപ്പാട് എന്തായിരുന്നു?

..........

2) യോനായുടെ പ്രസംഗത്തോട് നിനെവേക്കാർ എങ്ങനെയാണ് പ്രതികരിച്ചത്?

..........

3) അതിന്റെ ഫലമായി, അവർ ദൈവത്തെക്കുറിച്ച് എന്താണ് പഠിച്ചത്?

..........

**5** **ദൈവകൃപയുടെ നിരന്തരഇടപെടലുകളാണ് നാം എങ്ങനെ ജീവിക്കണമെന്ന് തീരുമാനിക്കുന്നത്.** ***തീത്തോസ് 2:11 – 12*** **വരെയുള്ള വാക്യങ്ങൾ പ്രകാരം എങ്ങനെയാണ് ഒരു ക്രിസ്ത്യാനി ജീവിക്കേണ്ടത് എന്ന് എഴുതുക** 3

..........

..........

..........

100 യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25 ആകെ മാർക്ക്

© Bible Educational Services, www.besweb.com